# പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

മാതൃത്വം കനിവിന്റെ നീർച്ചോലയും, നന്മയുടെ തൂവെണ്മയും, സ്നേഹത്തിന്റെ സംരക്ഷണയും മക്കൾക്ക് പ്രദാനം ചെയ്യുന്ന വിശുദ്ധ ശ്രോതസ്സാണ്. പരി.കന്യാമറിയം ഒരേസമയം കന്യകയും,(മത്താ 1) ദൈവപുത്രനായ ഈശോയ്ക്ക് രൂപം കൊടുക്കുന്ന പുതിയ ഉടമ്പടി സമൂഹത്തിന്റെ മാതൃകാംഗവുമാണ്(മത്താ 12:46-50).

പരി. പിതാവ് ലെയോ 13-ാമൻ അനുസ്മരിക്കുന്നു, ''പുത്രൻ വഴിയായിട്ടല്ലാതെ ആർക്കും പിതാവിന്റെ സവിധത്തിലണയാൻ സാധിക്കാത്തതുപോലെ ആർക്കും മറിയം വഴിയല്ലാതെ പുത്രനെ സമീപിക്കാൻ സാദ്ധ്യമല്ല.'' ദൈവത്താൽ സ്നേഹിക്കപ്പെട്ടവളും ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയവളുമായ (ലൂക്കാ1:30) പരി. മറിയം വിശ്വാസികൾക്ക് മാതൃകയും, ക്രിസ്തു ശിഷ്യരുടെ പ്രതിരൂപവുമാകുന്നതിനെ രക്ഷണീയസംഭവങ്ങളുടെ ക്രമത്തിൽ അനുസ്മരിക്കാം.

മനുഷ്യരക്ഷയുടെ സന്ദേശവുമായി ദൈവത്താൽ അയയ്ക്കപ്പെട്ട ഗബ്രിയേൽമാലാഖ സീയോൻപുത്രിയുടെ ദൈവസാന്നിദ്ധ്യം മനസ്സിലാക്കി അവളോട് പറഞ്ഞത് ''ദൈവകൃപ നിറഞ്ഞവളേ സ്വസ്തി കർത്താവ് നിന്നോടുകൂടെ'' എന്നാണ്. അതുവഴി പ്രവചനങ്ങളുടെ പൂർത്തീകരണത്തിനു മറിയം ഉപകരണമാകുന്നു(ഏശ -7:14). ''ദൈവീകപദ്ധതിയോടു സഹകരിച്ചതിലും,ദൈവഹിതത്തിനു സമർപ്പിച്ചതിലുമാണ് മറിയത്തിന്റെ പ്രാധാന്യവും മഹത്വവും പ്രസ്പഷ്ടമാവുന്നത്.'' (The Gospel of Luke P.73).

പരി. മറിയം തന്റെ ഇളയമ്മയെ സന്ദർശിച്ചു. അവളെ അഭിനന്ദിച്ച് ആവശ്യമായ ശുശ്രൂഷകൾ നല്കി.ശുശ്രൂഷയുടെ സാമൂഹികമാനത്തെ ഉയർത്തിക്കാട്ടുന്നവയാണ് മറിയത്തിന്റെ സ്തോത്രഗീതം.''ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തരെ സിംഹാസനത്തിൽ നിന്നിറക്കി. എളിയവരെ ഉയർത്തി. വിശക്കുന്നവരെ തൃപ്തരാക്കി സമ്പന്നരെ പറഞ്ഞയച്ചു.'' ശുശ്രൂഷയുടെ ഭാവാത്മകത പ്രകടിപ്പിക്കുന്ന ഫുൾട്ടൻ. ജെ. ഷീന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ''സ്നേഹിക്കാൻ ഒരു ഹൃദയവും സേവനം ചെയ്യാൻ ഒരു ശരീരവുമുണ്ടെങ്കിൽ ആർക്കും എന്നെ തോൽപ്പിക്കാനാവില്ല.'' ശുശ്രൂഷയ്ക്കായി തിടുക്കത്തിൽ യാത്രയാവുന്ന ദൈവമാതാവ് പ്രത്യാശയുടെ ജീവകിരണങ്ങൾ പ്രദാനം ചെയ്യുന്നു.

''ദൈവം മനുഷ്യരുടെ അടുത്തേയ്ക്കു വരുന്ന രാജവീഥിയാണ് മറിയം. അതുപോലെ നമ്മൾ ദൈവത്തിന്റെ പക്കലേയ്ക്ക് പോകാനുള്ള രാജവീഥിയും മറിയം തന്നെ.'' (പോൾ ആറാമൻ മാർപ്പാപ്പാ). വചനം മാംസമായത് മനുഷ്യനിൽ അത് ജീവനും വെളിച്ചവുമായി ഉണർത്താനാണ്. അത് മനുഷ്യന്റെ ദിവ്യതയ്ക്ക് വികാസമേകും. ആ വികാസമാണ് ശൂന്യവത്കരണം വഴി കാലിത്തൊഴുത്തിൽ രക്ഷകനെ പ്രസവിക്കാൻ കന്യാമറിയത്തെ ദൈവം അനുവദിക്കുന്നത്.

ദൈവേഷ്ടത്തിനു സ്വയം സമർപ്പിച്ചവൾ ബലിക്കല്ലുങ്കൽ തന്റെ പുത്രനെ സമർപ്പിക്കുന്നു. കാത്തിരിക്കുന്ന കൈകളിലേയ്ക്ക് രക്ഷകൻ കടന്നുചെല്ലുന്നു. നൈവേദ്യം ജീവിതസാക്ഷാത്കാരമായി. യേശുവിനെ കയ്യിലെടുത്ത ശിമയോൻ രക്ഷവഴി ആനന്ദനിർവൃതി

യടയുന്നു ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്ന പുത്രന്റെ കണ്ണുകളിൽ നോക്കി മാതൃത്വത്തിന്റെ പ്രസക്തി പരി. മറിയം വെളിവാക്കുന്നു.

രക്ഷാകര ചരിത്രത്തിലും, ക്രൈസ്തവ വിശ്വാസികളുടെ ജീവിതത്തിലുമുള്ള അമ്മയുടെ ദൗത്യം മാദ്ധ്യസ്ഥം വഹിക്കുകയെന്നതാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അനുസ്മരിക്കുന്നു ''മറിയത്തിന്റെ മാദ്ധ്യസ്ഥം യേശുവിന്റെ മാദ്ധ്യസ്ഥത്തിൽ നിൽക്കുന്നു; അത് അവിടുത്തെ മാദ്ധ്യസ്ഥത്തോടു പൂർണ്ണമായും ആശ്രയിച്ചുമിരിക്കുന്നു.'' (രക്ഷകന്റെ അമ്മ). വിവാഹവീട്ടിൽ ആവശ്യങ്ങളറിഞ്ഞ് മറിയം ദൈവപുത്രന്റെ അത്ഭുതപ്രവർത്തനങ്ങൾക്ക് തന്റെ മാദ്ധ്യസ്ഥം മൂലം വഴിയൊരുക്കുന്നു.

മനുഷ്യരക്ഷ തന്റെ പുത്രന്റെ ബലിജീവിതം വഴി നിവർത്തിക്കപ്പെടുമ്പോൾ, നിറകണ്ണുകളോടെയുള്ള അവളുടെ ഉത്തരം പഴയതിന്റെ ആവർത്തനമായിരുന്നു. ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ. രക്ഷകന്റെ കയ്യിലെ ഉണങ്ങാത്ത മുറിവ് അന്ധകാരത്തിൽ നിന്നും ജീവന്റെ വെളിച്ചത്തിലേയ്ക്കുള്ള അടയാളമാണ്.

ക്രൂശിന്റെപാതയിൽ തന്റെ പുത്രന്റെ മരണം വഴി അവൾ ഹൃദയത്തിൽ രക്തസ്സാക്ഷിയായി. ബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ പറയുന്നു ''രണാങ്കണത്തിലേയ്ക്ക് പുത്രന്മാരെ അയയ്ക്കുന്ന അമ്മമാർ ചുരുക്കമാണ്. എന്നാൽ ഇതാ ഇവിടെയൊരമ്മ തന്റെ മകനെ മരണത്തിനു വിട്ടു കൊടുക്കുന്നു.'' സ്വർഗ്ഗസ്ഥനായ പിതാവിന്റെ സമ്മതത്തോടും ഭൂമിയിലെ തന്റെ മാതാവിന്റെ സമ്മതത്തോടും കൂടിയാണ് യേശു കുരിശിലേയ്ക്ക് പോയത്. പുത്രൻ വഴി മഹത്വീകരിക്കപ്പെട്ട അമ്മ രക്ഷിക്കപ്പെട്ടവരുടെ മുന്നോടിയാവുന്നു.

ദൈവാരൂപിയുടെ സംവാഹകയായ സീയോൻപുത്രി, പരി.മറിയം തിരുക്കുമാരനെപ്പോലെ അവന്റെ ശിഷ്യരെ പരിശുദ്ധാത്മാവുമായി ബന്ധിപ്പിക്കുന്നു. ദൈവപുത്രൻ ദൈവേഷ്ടാനുസരണം പരി. അമ്മയെ ആത്മശരീര നൈർമ്മല്യത്തോടെ ജീവന്റേയും അമർത്യതയുടേയും ദാതാവായ പിതാവിന്റെ സന്നിധിയിലേയ്ക്ക് മഹത്വപൂർണ്ണയായി സംവഹിച്ചു. ഭൂസ്വർഗ്ഗങ്ങളുടെ രാജ്ഞിയായി അലങ്കരിക്കപ്പെട്ട മറിയം രക്ഷാകരകർമ്മത്തിൽ തന്റെ പുത്രനോടൊപ്പം പങ്കാളിയായി. വെളിപാടിൽ കാണുന്ന സ്ത്രീയുടെ വിവരണത്തിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്ന സമൂഹത്തെ മറിയം പ്രതിനിധാനം ചെയ്യുന്നു.

പരി. മറിയം സഭയുടെ മാതൃകയും സഭാംഗമെന്ന നിലയിൽ മിശിഹായുടെ വധുവുമാണെന്ന ആശയം സഭാപിതാക്കന്മാരെല്ലാം പൊതുവായിക്കാണുന്നു. മരിയൻ വേദപാരംഗതനായ മാർ അപ്രേം പറയുന്നു ''അവനെക്കണ്ട മറിയം സഭയുടെ പ്രതീകമാണ് സഭയത്രേ അവന്റെ വരവിന്റെ അടയാളങ്ങൾ ആദ്യം കാണുക.''

വിശുദ്ധിയുടെ നൈർമ്മല്യം പേറുന്നതും ദൈവീകരഹസ്യങ്ങളുടെ മദ്ധ്യസ്ഥയുമായ പരി. അമ്മയോട് ജോൺ പോൾ രണ്ടാമൻ പാപ്പായോടൊപ്പം നമുക്കും പ്രാർത്ഥിക്കാം ''നാം സ്വീകരിക്കുന്ന ദിവ്യകാരുണ്യ അപ്പം; അവളുടെ പുത്രന്റെ കറയില്ലാത്ത ശരീരമാണ്: പരിശുദ്ധ കന്യാമറിയത്തിൽ നിന്നും ഭൂജാതനായ സത്യ ശരീരമേ വാഴുക. കൃപയുടെ ഈ അവസരത്തിൽ,തിരുസ്സഭ അവളുടെ ദൗത്യത്തിൽ മറിയത്തിന്റെ സഹായത്തോടെ കൂടുതൽ ആനന്ദം കണ്ടെത്തട്ടെ.'' (നാഥാ ഞങ്ങളോടൊത്തുവസിച്ചാലും 31).

**ബ്ര. ജസ്റ്റിൻ നല്ലൂക്കുന്നേൽ.**